തോട്ടണ്ടി സംഭരണം

38 (2094)ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ഇ.റ്റി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി തൊഴിലാളികൾക്ക് പ്രവൃത്തി ദിവസങ്ങൾ കൂട്ടുന്നതിനായി തോട്ടണ്ടി സംഭരിക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്;

(ബി) അതിന്റെ ഫലമായി എത്ര ടൺ കശുവണ്ടി സംഭരിക്കാൻ സാധിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കശുവണ്ടി തൊഴിലാളികൾക്ക് കൂടുതൽ പ്രവൃത്തിദിനങ്ങൾ നൽകുന്നതിനായി കേരള കശുവണ്ടി വികസന കോർപ്പറേഷന് 1997-ൽ തോട്ടണ്ടി വാങ്ങാൻ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കാൻ മാർജിൻ മണിയായി 6 കോടി രൂപ നൽകിയതിനു പുറമേ ബാങ്കുകൾക്ക് ബാദ്ധ്യതയായതും ഗവൺമെന്റ് ഏറ്റെടുത്ത് നൽകിവരുന്നതുമായ ഒരു ഗഡു തുകയായ 4.15 കോടി രൂപ 1999-2000 വർഷത്തെ ബഡ്ജറ്റിൽ ലോൺ ആയി നൽകാൻ വകയിരുത്തിയിട്ടുണ്ട്. കോർപ്പറേഷന് സാമ്പത്തിക സഹായം നൽകിവരുന്ന കൺസോർഷ്യം ബാങ്കുകൾ വായ്പാ പരിധി ഉയർത്താൻ സർക്കാർ തലത്തിൽ ചർച്ച നടത്തുകയും അതിന്റെ ഫലമായി ഉയർന്ന വായ്പാ പരിധി അനുവദിച്ചു. കാപ്പെക്സിലെ തൊഴിലാളികൾക്ക് പ്രവൃത്തി ദിനങ്ങൾ കൂട്ടുന്നതിനായി ആഭ്യന്തര വിപണിയിൽ നിന്നും വിദേശത്തു നിന്നും തോട്ടണ്ടി സംഭരിച്ചുകൊണ്ടിരിക്കുന്നു.

(ബി) ആഭ്യന്തര വിപണിയിൽ നിന്നും 2475 മെട്രിക് ടൺ തോട്ടണ്ടിയും വിദേശത്തു നിന്നും 1000 മെട്രിക് ടൺ തോട്ടണ്ടിയും കാപ്പെക്സ് സംഭരിച്ചിട്ടുണ്ട്. കൂടുതൽ തോട്ടണ്ടി സംഭരിക്കാൻ കാപ്പെക്സ് നടപടി സ്വീകരിച്ചു വരുന്നു. കൺസോർഷ്യം ബാങ്കുകൾ വായ്പാ പരിധി ഉയർത്തി നൽകിയതിന്റെ ഫലമായി 23000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷൻ കരാറിൽ ഏർപ്പെട്ടിട്ടുള്ളതിൽ, 6000 മെട്രിക് ടൺ തോട്ടണ്ടി ഷിപ്പ്മെന്റ് കഴിഞ്ഞിട്ടുമുണ്ട്.

തോട്ടണ്ടി സംഭരണം

39 (2095)ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി തൊഴിലാളികൾക്ക് പ്രവൃത്തി ദിവസങ്ങൾ കൂട്ടുന്നതിനായി തോട്ടണ്ടി സംഭരിക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്;

(ബി) അതിന്റെ ഫലമായി എത്ര ടൺ കശുവണ്ടി സംഭരിക്കാൻ സാധിച്ചുവെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly